(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ജൈവ കാർഷിക മണ്ഡലം എന്ന പദ്ധതി കൃഷിവകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) കേരളത്തെ സമ്പൂർണ്ണ കാർഷിക സംസ്ഥാനമാക്കുന്നതിന് സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം എന്ന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തെ 2016-ഓടെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ജനപ്രതിനിധികളെയും കർഷകരെയും ഉൾപ്പെടുത്തി ബോധവത്കരണ ക്യാമ്പയിനുകൾ എം.എൽ.എ.മാരുടെ അദ്ധ്യക്ഷതയിൽ നടത്തുക യുണ്ടായി. 140 നിയോജകമണ്ഡലത്തിനും അനുയോജ്യമായ പ്രോജക്ടുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് തയ്യാറാക്കിയിട്ടുണ്ട്.

കൊയ്ത്തുമെതിയന്ത്രങ്ങൾ

131 (2764) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ നെൽകർഷകർക്ക് കൊയ്ത്തുമെതിയന്ത്രങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) ആലപ്പുഴ ജില്ലയ്ക്ക് എത്ര കൊയ്ത്തുമെതിയന്ത്രങ്ങളാണ് അനുവദിച്ചിട്ടുള്ളത് ; ഈ യന്ത്രങ്ങളുടെ ഉടമസ്ഥാവകാശവും സംരക്ഷണവും ഏത് ഏജൻസിക്കാണ് ; വ്യക്തമാക്കാമോ ;

(സി) എന്ത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പാടശേഖരസമിതി കൾക്ക് കൊയ്ത്തുമെതിയന്ത്രങ്ങൾ നൽകുന്നത് ;

(ഡി) കൊയ്ത്തുമെതിയന്ത്രങ്ങൾക്ക് ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) ആലപ്പുഴയിലെ പാടശേഖരങ്ങൾക്ക് അനുയോജ്യമായ കൊയ്ത്തുമെതി യന്ത്രങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) കൊയ്ത്തു സീസണിൽ കൊയ്ത്തുമെതിയന്ത്രങ്ങൾ വാടകയ്ക്ക് എടുക്കാറുണ്ടോ ; ഏത് ഏജൻസികളാണ് യന്ത്രങ്ങൾ വാടകയ്ക്ക് എടുത്ത് കർഷകർക്ക് നൽകുന്നത് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) സീസണുകളിൽ അന്യജില്ലകളിൽനിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊയ്ത്തുമെതിയന്ത്രങ്ങൾ എത്തിച്ച് സ്വകാര്യ വ്യക്തികൾ കർഷകരിൽനിന്നും വൻ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിലെ നെൽകർഷകർ കെയ്കോയന്ത്രങ്ങൾ മുഖേനയും പ്രൈവറ്റ് യന്ത്രങ്ങൾ മുഖേനയുമാണ് നിലവിൽ കൊയ്ത്ത് നടത്തുന്നത്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അമ്പലപ്പുഴ ഓഫീസിന്റെ ഉടമസ്ഥാവകാശത്തിലും സംരക്ഷണത്തിലും 65 കൊയ്ത്തുമെതിയന്ത്രങ്ങളാണുള്ളത്.

(സി) പാടശേഖര സമിതിയുടെ പ്രസിഡന്റ്/സെക്രട്ടറി നൽകുന്ന അപേക്ഷയോടൊപ്പം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്ന് നൽകുന്ന അപേക്ഷാഫോമും ചേർത്ത് പാടശേഖരം സ്ഥിതിചെയ്യുന്ന സ്ഥലത്തെ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാക്രമത്തിൽ കൊയ്ത്തുമെതിയന്ത്രങ്ങൾ അനുവദിക്കുകയും പാടശേഖരത്തിലെ പ്രസിഡന്റ്/ സെക്രട്ടറിയുമായി മുദ്രപത്രത്തിൽ കരാർ ഉടമ്പടി ഉണ്ടാക്കി കൊയ്ത്തുമെതിയന്ത്രങ്ങൾ ഇവർക്ക് വാടകയ്ക്ക് നൽകുകയും ചെയ്യുന്നു.

(ഡി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെകീഴിലുള്ള കൊയ്ത്തുമെതിയന്ത്രങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) കുട്ടനാട് പ്രദേശത്തേയ്ക്ക് അനുയോജ്യമായത് 'ക്ലാസ് കൊയ്ത്തുമെതി' യന്ത്രങ്ങളാണ്. അത് ഇപ്പോൾ ഇവിടെ പ്രശ്നരഹിതമായി ഉപയോഗിച്ചുവരുന്നു. എന്നാൽ പൊക്കാളി മേഖലയിൽ കൊയ്ത്ത് എടുക്കാൻ കഴിയുന്ന ഭാരം കുറഞ്ഞതും ഫ്ലോട്ടിംഗ് രീതിയിലുള്ളതുമായ യന്ത്രങ്ങൾ രൂപകൽപന ചെയ്യേണ്ടതുണ്ട്.

(എഫ്) ഉണ്ട്. പ്രൈവറ്റ് ഏജന്റുമാർ അന്യസംസ്ഥാനങ്ങളിൽ നിന്ന് പ്രധാന സീസണുകളിൽ യന്ത്രങ്ങൾ എത്തിക്കുന്നുണ്ട്. ജില്ലാ ഭരണകൂടത്തിന്റെ മേൽനോട്ടത്തിൽ ഇതിന് നിരക്ക് നിശ്ചയിക്കുകയും പാടശേഖര സമിതികൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുവാൻ ശ്രമിക്കുകയും ചെയ്തുവരുന്നു.

(ജി) ഉണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കൊയ്ത്തു-മെതിയന്ത്രങ്ങൾ എത്തിച്ച് സ്വകാര്യ വ്യക്തികൾ കർഷകർക്ക് നൽകുമ്പോൾ കാലാവസ്ഥാ വ്യതിയാനം അനുസരിച്ചും മെഷീന്റെ ലഭ്യതകുറവ് മുതലെടുത്തും കൂടുതൽ തുക ഈടാക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വ്യാപകമായി അങ്ങനെ ആക്ഷേപമില്ല. പ്രശ്നങ്ങൾ സമയാസമയം പരിഹരിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ, പോലീസ് ഓഫീസർ എന്നിവരടങ്ങിയ പ്രാദേശിക സമിതി രൂപീകരിച്ച് തീർപ്പാക്കുവാൻ ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

വേനൽമഴയിൽ ഉണ്ടായിട്ടുള്ള കൃഷിനാശം

132 (2765) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ വേനൽമഴയിൽ നെൽകർഷകർ ഉൾപ്പെടെയുള്ള കർഷകർക്ക് ഉണ്ടായിട്ടുള്ള കൃഷിനാശം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) കൃഷിനാശം സംഭവിച്ചവർക്ക് എന്തെങ്കിലും സഹായങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിൽ കൃഷിനാശം സംഭവിച്ചതിന് ഏതെല്ലാം അവസരങ്ങളിൽ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട് ;

(ഡി) ഇവ പൂർണ്ണമായും വിതരണം ചെയ്യപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രത്യേക സഹായം പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ (SDRF) മാനദണ്ഡങ്ങളനുസരിച്ച് ധനസഹായം നൽകുന്നുണ്ട്. ഇക്കഴിഞ്ഞ വേനൽമഴയിൽ കൃഷിനശിച്ചവർക്ക് SDFR-ൽ നിന്ന് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) 2011-ലെ വേനൽമഴയിൽ നെൽകൃഷി പൂർണ്ണമായും നശിച്ച കുട്ടനാട്ടിലെ കർഷകർക്ക് ഹെക്ടറിന് 10,000 രൂപ നിരക്കിലും ഭാഗികമായി നെൽകൃഷി നശിച്ച കർഷകർക്ക് ഹെക്ടറിന് 6,000 രൂപ നിരക്കിലും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly